പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2654      17.06.2019 ൽ മറുപടിയ്ക്ക്

<u>മനുഷ്യ-മൃഗ സംഘർഷം</u>

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് ഓരോ വർഷം കഴിയും തോറും മനുഷ്യ-മൃഗ സംഘർഷം വർധിച്ചു വരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മനുഷ്യ-മൃഗ സംഘർഷത്തിന് ഇരയായി മരണപ്പെടുന്നവരുടെ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക എപ്രകാരമാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/18/വനം പ്രകാരം വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയായി മനുഷ്യ-മൃഗ സംഘർഷത്തിൽ എത്ര പേർക്ക് പരിക്കേറ്റെന്നും അവർക്ക് നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കാമോ; | (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മനുഷ്യ-മൃഗ സംഘർഷത്തിൽ 1985 പേർക്ക് പരിക്കേറ്റിട്ടുണ്ട്. അവർക്ക് നഷ്ടപരിഹാരമായി 5,65,06,808/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളെയും കൃഷിമേഖലയെയും സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; ഓരോ വനമേഖലയും തിരിച്ചു വിശദാംശം വ്യക്തമാക്കാമോ? | (ഡി) വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് സ്വീകരിച്ചിരിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കേരളത്തിൽ വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചു വരുന്ന അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പ്രശ്നത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുവാൻ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ഓരോ വനമേഖലയിലും അവലംബിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ചുള്ള വിവര ശേഖരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

1 . വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് ഉടങ്ങിയവയുടെ നിർമ്മാണം. സംസ്ഥാനത്ത് 2018-1 9 വരെ 2413.7 കി.മീ.നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2 . വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ

5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9 . മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ